പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 6213

02/04/2018 - ൽ മറുപടിക്ക്

## സഹകരണ സംഘം ജീവനക്കാർക്കുള്ള ചികിത്സാ ധനസഹായവും പെൻഷനും

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.സി. ദിവാകരൻ<br>ശ്രീ.ഇ.കെ.വിജയൻ<br>ശ്രീ ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീമതി സി.കെ. ആശ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പമന്ത്രി) |
| എ) ഈ സർക്കാർ സഹകരണ സംഘം ജീവനക്കാർക്കുള്ള ചികിത്സാ ധന സഹായവും സഹകരണ ബാങ്ക് ജീവനക്കാരുടെ പെൻഷനും വർദ്ധിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | എ) | ഈ സർക്കാർ സഹകരണ സംഘം ജീവനക്കാർക്കുളള ചികിത്സാ ധനസഹായവും, സഹകരണ ബാങ്ക് ജീവനക്കാരുടെ പെൻഷനും വർദ്ധിപ്പിച്ചിട്ടുണ്ട്. 04/08/2017 തീയതിയിലെ സ.ഉ (കൈ)28/17/സഹ നമ്പർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ ക്ഷേമനിധി ബോർഡിൽ നിന്നും നൽകി വരുന്ന ചികിത്സാ ധനസഹായം വർദ്ധിപ്പിച്ചിട്ടുണ്ട്. 04/08/17 ലെ സ.ഉ (സാധാ)416/2017/സഹ നമ്പർ ഉത്തരവ് പ്രകാരം മിനിമം പെൻഷൻ 1500/- രൂപയിൽ നിന്നും 3000/- രൂപയായും ഫാമിലി പെൻഷൻ 1000/- രൂപയിൽ നിന്നും 2000/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ നിലവിൽ നൽകി വന്നിരുന്ന 5% ഡി.എ 7% ആയിട്ടും ആശ്വാസ് പെൻഷൻ 1000/- രൂപയിൽ നിന്നും 1250/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. |
| ബി) പ്രസ്തുത ചികിത്സാ ധന സഹായം ഏതൊക്കെ രോഗങ്ങൾക്കാണ് ലഭ്യമാകുകയെന്നും ധന സഹായത്തിന്റെ നിരക്കും വ്യക്തമാക്കുമോ; | ബി) | ക്യാൻസർ, ഹൃദയ ശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ, വൃക്ക നീക്കം ചെയ്യൽ, കരൾ മാറ്റിവയ്ക്കൽ, കരൾ ശസ്ത്രക്രിയ (കരൾ ദാനം ചെയ്യുന്നതിന് നടത്തുന്ന ശസ്ത്രക്രിയ ഉൾപ്പെടെ) മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, കണ്ണ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയ എന്നിവയ്ക്ക് നൽകുന്ന ധനസഹായം 75000/- രൂപയിൽ നിന്നും 1,25,000/- രൂപയായി വർദ്ധിപ്പിച്ചു |

| | | | |
|---|---|---|---|
| | | | കാഴ്ച ശക്തിയ്ക്ക് ഉണ്ടാകുന്ന വൈകല്യം, തളർവാതം ബാധിച്ച് ജോലിക്ക് ഹാജരാകാൻ പറ്റാത്ത അവസ്ഥ, അപകടം മൂലമോ മറ്റ് കാരണങ്ങളാലോ ഉണ്ടാകുന്ന അംഗവൈകല്യം, ബ്രയിൻ ട്യൂമർ, എപ്പിലപ്സി, മാരകമായ ഹെഡ് ഇൻഞ്ചുറി, മെനിഞ്ചൈറ്റിസ്, എൻസഫലൈറ്റിസ്, തലച്ചോറിനേയും, സ്പൈനൽ കോഡിനേയും ബാധിക്കുന്ന ഡീ ജനറേറ്റീവ് രോഗങ്ങൾ എന്നിവയ്ക്ക് നൽകി വരുന്ന ചികിത്സാ ധനസഹായം 50,000/- രൂപയിൽ നിന്നും 75,000/- രൂപയാക്കി വർദ്ധിപ്പിക്കുകയും ഈ വിഭാഗത്തിൽ ജോയിന്റ് റീ പ്ലെയിസ്മെന്റ് ശസ്ത്രക്രിയ കൂടി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. യൂട്രസ് റിമൂവൽ, ഹൃദയ സംബന്ധമായ അസുഖം, (ഹൃദയ ശസ്ത്രക്രിയ ഒഴികെ) വൃക്ക സംബന്ധമായ അസുഖം (വൃക്ക മാറ്റിവയ്ക്കൽ ഒഴികെ), ലിവർ സിറോസിസ്, തൈറോയിഡ് ഓപ്പറേഷൻ, ഹെർണിയ ഓപ്പറേഷൻ എന്നിവയ്ക്ക് നൽകി വരുന്ന ചികിത്സാ ധനസഹായം 15,000/- രൂപയിൽ നിന്നും 25000/- രൂപയാക്കി വർദ്ധിപ്പിച്ചു. ആസ്ത്മ, ക്ഷയരോഗം, ചിക്കൻഗുനിയ എന്നിവയ്ക്ക് നൽകി വരുന്ന 10,000/- രൂപ ചികിത്സാ ധനസഹായം 15,000/- രൂപയായി വർദ്ധിപ്പിക്കുകയും ഇതിൽ എച്ച്-1 എൻ-1, ഡെങ്കിപ്പനി, എലിപ്പനി, വെരിക്കോസ് വെയിൻ ഓപ്പറേഷൻ എന്നിവകൂടി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| സി) | ഡെങ്കിപ്പനി, എച്ച്1 എൻ1, എലിപ്പനി എന്നീ ചികിത്സകൾക്കും വെരിക്കോസ് വെയിൻ ശസ്ത്രക്രിയക്കും ചികിത്സാ ആനുകൂല്യം ലഭ്യമാണോ; | സി) | ഡെങ്കിപ്പനി, എച്ച്-1 എൻ-1, എലിപ്പനി, എന്നീ ചികിത്സകൾക്കും വെരിക്കോസ് വെയിൻ ശസ്ത്രക്രിയയ്ക്കും 04/08/2017 ലെ സ.ഉ (കൈ)28/2017/സഹ ഉത്തരവ് പ്രകാരം ടി തീയതി പ്രാബല്യത്തിൽ ചികിത്സാ ആനുകൂല്യം ലഭ്യമാണ്. |
| ഡി) | ജീവനക്കാരുടെ ആശ്രിതർക്ക് നല്കി വരുന്ന ചികിത്സാ ധന സഹായം വർദ്ധിപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | ഡി) | ജീവനക്കാരുടെ ആശ്രിതർക്ക് നൽകി വരുന്ന ചികിത്സാ ധനസഹായം 04/08/2017 തീയതിയിലെ സ.ഉ (കൈ)28/2017/സഹ ഉത്തരവ് പ്രകാരം 25,000/- രൂപയിൽ നിന്നും 40,000/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഇ) | പെൻഷനർ മരിച്ചാൽ ആശ്രിതർക്ക് മുഴുവൻ പെൻഷനും നൽകുന്നതിന്റെ വ്യവസ്ഥകൾ അറിയിക്കുമോ; | ഇ) | പെൻഷണർ മരിച്ചാൽ ആശ്രിതർക്ക് 7 വർഷമോ 65 വയസ്സ് വരെയോ മുഴുവൻ പെൻഷൻ അനുവദിക്കുന്നതിന് 04/08/2017 തീയതിയിലെ സ.ഉ (കൈ)28/2017/സഹ ഉത്തരവ് പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| എഫ്) | പെൻഷൻ നിർണ്ണയത്തിനുള്ള സേവന കാലാവധി കണക്കാക്കുമ്പോൾ പ്രൊബേഷൻ കാലയളവ് സേവന കാലയളവായി പരിഗണിക്കുമോ; വ്യക്തമാക്കുമോ; | എഫ്) | 04/08/2017 ലെ സ.ഉ (സാധാ) 416/2017/സഹ നമ്പർ ഉത്തരവ് പ്രകാരം പ്രൊബേഷൻ കാലയളവ് പെൻഷൻ നിർണ്ണയത്തിനുള്ള സേവന കാലമായി പരിഗണിക്കുന്നുണ്ട്. |
| ജി) | കായിക രംഗത്ത് മികച്ച വിജയം നേടുന്ന സഹകരണ സംഘം ജീവനക്കാരുടെ മക്കൾക്ക് എന്തൊക്കെ പ്രോത്സാഹനങ്ങളാണ് നൽകി വരുന്നത്? | ജി) | കായികരംഗത്ത് (സ്പോർട്സ് & ഗെയിംസ്) സ്കൂൾ വിദ്യാർത്ഥികൾക്ക് സംസ്ഥാന തലത്തിലും ദേശീയ തലത്തിലും കോളേജ് വിദ്യാർത്ഥികൾക്കായി ഇന്റർ യൂണിവേഴ്സിറ്റി തലത്തിലും മികവ് പുലർത്തുന്നവർക്ക് 5000/- രൂപയുടെ ക്യാഷ് അവാർഡ് 04/08/2017 ലെ സ.ഉ (കൈ)28/2017/സഹ നമ്പർ ഉത്തരവ് പ്രകാരം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ